# St. Stephens Super Bowl 2010 വൻ വിജയമായി

St. Stephens Orthodox Church, Long Island, New York ലെ യുവജനസംഘടനയായ YAS (Young Adults of St. Stephens) ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന Super Bowl 2010 Tournament Mineola യിൽ Jericho Turnpike ലുള്ള Sheridan Lanes ൽ വച്ച് വിജയകരമായി നടത്തി. ന്യൂയോർക്കിലും പരിസരങ്ങളിലുമുള്ള പള്ളികളെയും സംഘടനകളെയും പ്രതിനിധീകരിച്ച് ഇരുപതിൽപ്പരം ടീമുകൾ tournamentൽ പങ്കെടുത്തു.

ഇടവകവികാരി Rev. Dr. C. K. Rajan പ്രാർത്ഥനയോടുകൂടി ടൂർണ്ണമെൻറ് ഉദ്ഘാടനം ചെയ്തു. രാവിലെ പത്തുമണിക്ക് ആരംഭിച്ച പ്രാരംഭ മൽസരങ്ങൾക്കുശേഷം എട്ടു ടീമുകൾ രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. Final മൽസരത്തിൽ CSI New York Team ഉം How I Met the Gutter Team ഉം തമ്മിൽ ഏറ്റുമുട്ടി. How I Met the Gutter Team വാശിയേറിയ പോരാട്ടത്തിൽ വിജയികളായി. CSI New York runner-up trophy കരസ്ഥമാക്കി.

വിജയികൾക്ക് Rev. Dr. C. K. Rajan ട്രോഫികൾ സമ്മാനിച്ചു. പുതുമയേറിയ ഈ bowling tournament കാണികൾക്കും പങ്കാളികൾക്കും ഉല്ലാസകരമായ ഒരു പുതിയ അനുഭവമായി. St. Stephens Church ലെ യുവജനസംഘടനയുടെ സംഘടനാപാടവത്തെ എല്ലാവരും പ്രശംസിച്ചു.

വിവിധസംഘടനകളുടെ നേതാക്കൻമാരും വൈദികരും ഈ മൽസരം കാണാൻ സന്നിഹിതരായിരുന്നു. വന്നുചേർന്ന എല്ലാവർക്കും YAS ന്റെ സെക്രട്ടറി ശ്രീമാൻ മധു മാത്യൂ നന്ദി രേഖപ്പെടുത്തി.

അമേരിക്കൻ ഭദ്രാസനമെത്രാപ്പോലീത്തായായിരുന്ന കാലംചെയ്ത അഭിവന്ദ്യ തോമസ്സ് മാർ മക്കാറിയോസ്സ് തിരുമേനിയുടെ പാവനസ്മരണക്കായി ഏർപ്പെടുത്തിയിട്ടുള്ള Mar Macarios Scholarship ന്റെ ധനശേഖരണാർത്ഥമാണ് St. Stephens Super Bowl സംഘടിപ്പിച്ചിട്ടുള്ളത്.

കേരളത്തിലെ ഒരു നിർദ്ധനവിദ്യാർത്ഥിക്ക് പഠനത്തിന് സാമ്പത്തികസഹായം ചെയ്യുക, അമേരിക്കൻ ഭദ്രാസന സണ്ടേസ്ക്കൂളിലെ പന്ത്രണ്ടാം ക്ലാസ്സിൽനിന്നും ഒന്നാം തരത്തിൽ വിജയിക്കുന്ന രണ്ട് വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക എന്നിവയാണ് Mar Macarios Scholarship ന്റെ പ്രവർത്തനപാതയിലുള്ള ചുമതലകൾ. ഭാവിയിൽ ഈ സ്കോളർഷിപ്പിന്റെ കൈത്താങ്ങൽ വിവധമണ്ഡലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സംഘാടകർക്ക് പദ്ധതി ഉണ്ട്.